ഞാൻ ഉമർ ബ്നുൽ ഖത്താബിനോടൊപ്പം പെരുന്നാളിന്
സാക്ഷിയായിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "ഈ രണ്ട്
ദിവസങ്ങളിൽ നോമ്പെടുക്കുന്നത് നബി -صلى الله عليه وسلم-വിലക്കിയിട്ടുണ്ട്. നിങ്ങളുടെ നോമ്പ് നിങ്ങൾ
അവസാനിപ്പിക്കുന്ന ദിവസവും, നിങ്ങളുടെ ബലിമൃഗത്തിൽ
നിന്ന് (മാംസം) നിങ്ങൾ ഭക്ഷിക്കുന്ന ദിവസവും
ഇബ്നു അസ്ഹറിൻ്റെ അടിമയായിരുന്ന, അബൂ ഉബൈദ് നിവേദനം: "ഞാൻ ഉമർ ബ്നുൽ
ഖത്താബിനോടൊപ്പം പെരുന്നാളിന് സാക്ഷിയായിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "ഈ രണ്ട്
ദിവസങ്ങളിൽ നോമ്പെടുക്കുന്നത് നബി -صلى الله عليه وسلم- വിലക്കിയിട്ടുണ്ട്. നിങ്ങളുടെ നോമ്പ്
നിങ്ങൾ അവസാനിപ്പിക്കുന്ന ദിവസവും, നിങ്ങളുടെ ബലിമൃഗത്തിൽ നിന്ന് (മാംസം) നിങ്ങൾ
ഭക്ഷിക്കുന്ന ദിവസവും."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
ഈദുൽ ഫിത്ർ ദിവസവും (ശവ്വാൽ ഒന്ന്) ബലി പെരുന്നാൾ ദിവസവും (ദുൽ ഹിജ്ജഃ 10)
നോമ്പെടുക്കുന്നത് നബി (صلى الله عليه وسلم) വിലക്കിയിരിക്കുന്നു. റമദാൻ മാസത്തിലെ നോമ്പ്
അവസാനിപ്പിക്കുന്ന ദിവസമാണ് ഈദുൽ ഫിത്ർ ദിവസം. ഉദ്ഹിയ്യത്തിൽ നിന്ന് ഭക്ഷിക്കുന്ന
ദിവസമാണ് ബലി പെരുന്നാൾ ദിവസം.
https://sunnah.global/hadeeth/ml/show/4527